(ബി) ഉണ്ട്. മൂന്ന് സാമ്പത്തിക വർഷങ്ങളിലെ വിവരം ചുവടെ ചേർക്കുന്നു :

സാമ്പത്തിക വർഷം	ബഡ്ജറ്റ് വിഹിതം	ചെലവഴിച്ച തുക	റിമാർക്സ്
2012-13	52,11,79,000	33,10,24,060	12 മാസത്തെ തൊഴിൽരഹിത വേതനം വിതരണം നടത്തിയിട്ടുണ്ട്
2013-14	51,11,79,000	15,73,50,900	6 മാസത്തെ വേതനം വിതരണം നടത്തി. 8 മാസത്തെ വേതനം വിതരണം നടത്താൻ ഇലക്ഷൻ കമ്മീഷന്റെ അനുമതി ലഭിക്കാത്തതിനാൽ തുക സറണ്ടർചെയ്തു.
2014-15	42,89,48,000	26,57,19,600	നടപ്പുവർഷം 10 മാസത്തെ വേതനം വിതരണം നടത്തിയിട്ടുണ്ട്.

അന്യസംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ

248 (940) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എങ്കിൽ എത്ര ശതമാനം തൊഴിലാളികൾ രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുണ്ട് ;

(സി) രജിസ്ട്രേഷൻ സംബന്ധിച്ച് ഇവർക്ക് ആവശ്യമായ നിർദ്ദേശം/ ബോധവത്കരണം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) അന്യസംസ്ഥാന തൊഴിലാളികൾക്ക് കേരള കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്യുവാൻ കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ 14 ജില്ലാ ഓഫീസുകളിലും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 49021 അന്യസംസ്ഥാന തൊഴിലാളികൾ രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) കേരളത്തിൽ വിവിധ മേഖലയിൽ പണിയെടുക്കുന്ന അന്യസംസ്ഥാന തൊഴിലാളികളെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൻകീഴിൽ രജിസ്റ്റർ ചെയ്യിപ്പിക്കുന്നതിനായി തൊഴിൽ വകുപ്പ് നേരിട്ടും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് മുഖേനയും പദ്ധതിയുടെ സവിശേഷതകളെ കുറിച്ച് അന്യസംസ്ഥാന തൊഴിലാളികളെ ബോധവൽക്കരിച്ച് ഈ പദ്ധതിയിൽ ചേർക്കാൻ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ക്ഷേമനിധി ബോർഡിന്റെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർ അന്യസംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥലങ്ങൾ സന്ദർശിച്ച് അന്യസംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി തുടർന്നുവരുന്നു.

തൊഴിലാളികളുടെ സുരക്ഷ

249 (941) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്താൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാം ; വ്യക്തമാക്കാമോ ;

(ബി) നിർമ്മാണ മേഖലയിൽ പണിയെടുക്കുന്നവരുടെ സുരക്ഷയ്ക്ക് നിലവിലുള്ള മാനദണ്ഡങ്ങൾ കർശനമായി പരിപാലിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ?

ഉത്തരം

(എ) തൊഴിൽ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സുരക്ഷ മാനദണ്ഡങ്ങളും അവ ഉറപ്പുവരുത്തുന്ന രീതികളും ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട്, കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, ഫാക്ടറീസ് ആക്ട് തുടങ്ങിയ നിയമങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. മേൽ പരാമർശിക്കുന്ന നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചുള്ള സുരക്ഷാ സംവിധാനങ്ങൾ തൊഴിലുടമ ഒരുക്കേണ്ടതാണ്. ഇതിൽ ഫാക്ടറീസ് ആക്ട് അനുസരിച്ചുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തുന്നത് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പാണ്. മറ്റ് തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പുവരുത്തുന്നതിനായി തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ,

LIBRARY ARCHIVES Kerala Legislative Assembly